ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 29.08.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. മധ്യേഷ്യൻ സന്ദർശനത്തിൻറെ ആദ്യ പാദത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉസ്ബെക്കിസ്ഥാനിലെത്തി.

   **Prime Minister Narendra Modi arrived in Uzbekistan on the first leg of his Central Asia visit.**

2. ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ നാളെ കേരളത്തിൽ. തിരുവനന്തപുരത്ത് സംസ്ഥാന ഓണം വാരാഘോഷത്തിൻറെ സമാപന സമ്മേളനത്തിൽ ഉപരാഷ്ട്രപതി പങ്കെടുക്കും.

   **Vice President C. P. Radhakrishnan will arrive in Kerala tomorrow and participate in the valedictory ceremony of the State Onam Week celebrations in Thiruvananthapuram.**

3. മിന്നൽ പ്രളയത്തെത്തുടർന്ന് പ്രതിസന്ധി നേരിടുന്ന നേപ്പാളിന് ഇന്ത്യ നല്കിയ പിന്തുണയ്ക്ക് നന്ദി അറിയിച്ച് നേപ്പാൾ പ്രസിഡന്റ്. മരണസംഖ്യ 600 കടന്നു. 88 ഇന്ത്യക്കാരെ രക്ഷപ്പെടുത്തിയതായി വിദേശകാര്യമന്ത്രാലയം

   **Nepal President thanked India for its support to the country following the devastating flash floods; Death toll**

**crosses 600. The Ministry of External Affairs says 88 Indians have been rescued.**

4. പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത്' നാളെ.

   **Prime Minister Narendra Modi's monthly radio programme, *Mann Ki Baat*, through which he shares his thoughts with the people, will be broadcast tomorrow.**

5. സുസ്ഥിരമായ സാമ്പത്തിക വളർച്ചയും നൈപുണ്യമുള്ള മാനവവിഭവശേഷിയുമാണ് നിക്ഷേപകരെ ഇന്ത്യയിലേക്ക് ആകർഷിക്കുന്ന പ്രധാന ഘടകമെന്ന് കേന്ദ്ര മന്ത്രി നിർമ്മല സീതാരാമൻ.

   **Union Finance Minister Nirmala Sitharaman says sustainable economic growth and skilled workforce are the key factors attracting investors to India.**

6. വനിതാ ടി-20 ഏഷ്യ കപ്പ് ക്രിക്കറ്റിൽ നാളെ ഇന്ത്യ തായ്‌ലാൻറ് പോരാട്ടം.

   **In the Women's T20 Asia Cup cricket, India will take on Thailand tomorrow.**

❁❁❁❁❁❁❁❁❁❁❁❁❁

आकाशवाणी

**PM-VISIT**

മധ്യേഷ്യൻ സന്ദർശനത്തിൻറെ ആദ്യ പാദത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉസ്ബെക്കിസ്ഥാനിലെത്തി. ഉസ്ബെക്കിസ്ഥാൻ പ്രസിഡന്റ് ഷവ്കത്ത് മിർസിയോയേവുമായി പ്രധാനമന്ത്രി ചർച്ച നടത്തും. സന്ദർശനത്തിൻറെ രണ്ടാം

പാദത്തിൽ കിർഗിസ് റിപ്പബ്ലികിലെത്തുന്ന പ്രധാനമന്ത്രി കിർഗിസ് റിപ്പബ്ലിക് പ്രസിഡന്റ് സദിർ ജാപ്പറോവിന്റെ ക്ഷണപ്രകാരം 26-ാമത് എസ്.സി.ഒ ഉച്ചകോടിയിൽ പങ്കെടുക്കും. നാലുദിവസത്തെ സന്ദർശനത്തിനായി ഇന്ന് രാവിലെയാണ് പ്രധാനമന്ത്രി യാത്ര തിരിച്ചത്. മധ്യേഷ്യൻ രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ തന്ത്രപ്രധാന ബന്ധങ്ങൾ ശക്തമാക്കാൻ ഈ സന്ദർശനം ഉപകരിക്കുമെന്ന് യാത്രയ്ക്കു മുന്നോടിയായുള്ള പ്രസ്താവനയിൽ പ്രധാനമന്ത്രി പ്രത്യാശ പ്രകടിപ്പിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**NEPAL–PREZ – FLOOD**

അതിശക്തമായ മിന്നൽ പ്രളയത്തെത്തുടർന്ന് പ്രതിസന്ധി നേരിടുന്ന നേപ്പാളിന് ഇന്ത്യ നല്കിയ പിന്തുണയ്ക്ക് നന്ദി അറിയിച്ച് നേപ്പാൾ പ്രസിഡന്റ് രാമചന്ദ്ര പൗഡൽ. ദുരന്തത്തിൽ ആശങ്ക
അറിയിച്ച രാഷ്ട്രപതി ദ്രൗപദി മുർമുവിനും അദ്ദേഹം നന്ദി അറിയിച്ചു. പ്രളയത്തിൽ ഇന്ത്യക്കാരുടെ ജീവൻ നഷ്ടപ്പെട്ടതിൽ പൗഡൽ അനുശോചനം രേഖപ്പെടുത്തി .

❁❁❁❁❁❁❁❁❁❁❁❁❁

**RAJNATH – NEPAL(INTRO)**

നേപ്പാളിലെ പ്രതിസന്ധി സംബന്ധിച്ച് ഇന്ത്യയുടെ ആശങ്ക വ്യക്തമാക്കി പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ്. ലഖ്നൗവിൽ മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. നേപ്പാളിന് ആവശ്യമായ എല്ലാ സഹായങ്ങളും നൽകാൻ ഇന്ത്യ സജ്ജമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി വ്യക്തമാക്കിയിട്ടുണ്ടെന്ന് രാജ്നാഥ് സിംഗ് പറഞ്ഞു. നേപ്പാളിലേക്ക് ഇന്ത്യ തുടർച്ചയായി സഹായങ്ങൾ എത്തിക്കുന്നുണ്ടെന്നും പ്രതിരോധ മന്ത്രി കൂട്ടിച്ചേർത്തു.

*(ഹോൾഡ് വോയിസ്)*

❁❁❁❁❁❁❁❁❁❁❁❁❁

**NEPAL FLOODS-UNIDENTIFIED BODIES**

നേപ്പാളിൽ വെള്ളപ്പൊക്കത്തിൽ കണ്ടെടുത്ത, തിരിച്ചറിയാത്തതും ആരും അവകാശപ്പെടാത്തതുമായ 229 മൃതദേഹങ്ങൾ സംസ്കരിക്കാൻ നേപ്പാൾ അധികൃതർ തീരുമാനിച്ചു. മൃതദേഹങ്ങൾ അഴുകുന്നതും അതിൽ നിന്നുണ്ടാകുന്ന ദുർഗന്ധവും രോഗബാധ വർധിപ്പിക്കുമെന്ന് ആരോഗ്യ വിദഗ്ധർ മുന്നറിയിപ്പ് നൽകിയതിനെ തുടർന്നാണ് ഈ തീരുമാനം. നാഷണൽ ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ ആൻഡ് മാനേജ്മെൻ്റ് അതോറിറ്റിയുടെ കണക്കുകൾ പ്രകാരം, അറുന്നൂറിലധികം മൃതദേഹങ്ങളാണ് കണ്ടെത്തിയത് . സംസ്കരിക്കുന്നതിന് മുൻപ് എല്ലാ മൃതദേഹങ്ങളിൽ നിന്നും ഡിഎൻഎ സാമ്പിളുകൾ ശേഖരിക്കുമെന്ന് അധികൃതർ അറിയിച്ചു.

ഇതുവരെ 88 ഇന്ത്യക്കാരെ രക്ഷപ്പെടുത്തിയതായി വിദേശകാര്യമന്ത്രാലയം അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**VP - KERALA(INTRO)**

ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ നാളെ കേരളത്തിലെത്തും. രാവിലെ കൊച്ചിയിലെത്തുന്ന അദ്ദേഹം ആലപ്പുഴ, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും.

***വിശദാംശങ്ങളിലേക്ക്......***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**VP - KERALA(VOICE)**

ആലപ്പുഴയിൽ നിന്നാണ് ഉപരാഷ്ട്രപതിയുടെ സന്ദർശനത്തിന് തുടക്കമാകുക. കേരള കൗമുദിയുടെ 115-ാംാം വാർഷികാഘോഷങ്ങളിൽ അദ്ദേഹം പങ്കെടുക്കും. തുടർന്ന് പത്തനംതിട്ടയിലെത്തുന്ന ഉപരാഷ്ട്രപതി ആറന്മുള ഉതൃട്ടാതി ജലോത്സവം ഉദ്ഘാടനം ചെയ്യും. പിന്നീട് തിരുവനന്തപുരത്ത് സംസ്ഥാന സർക്കാരിന്റെ ഓണം വാരാഘോഷത്തിന്റെ സമാപന പരിപാടി

അദ്ദേഹം ഉദ്ഘാടനം ചെയ്യും. മറ്റന്നാൾ ലക്ഷദ്വീപ് സന്ദർശനത്തിന് ശേഷം കേരളത്തിൽ തിരികെയെത്തുന്ന ശ്രീ സി. പി. രാധാകൃഷ്ണൻ, കൊച്ചി കാക്കനാട്ടെ രാജഗിരി

സ്കൂൾ ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജിയുടെ രജതജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കും. തുടർന്ന് കൊച്ചി വിമാനത്താവളത്തിൽ നിന്ന് ഡൽഹിയിലേക്ക് മടങ്ങും.

*ന്യൂസ്ഡസ്ക് ആകാശവാണി....*

## ONAM CELEBRATION

സംസ്ഥാന ടൂറിസം വകുപ്പിന്റെ ഓണം വാരാഘോഷത്തിന് സമാപനം കുറിച്ചുള്ള ഘോഷയാത്രയും ഉപരാഷ്ട്രപതി തിരുവനന്തപുരം വെള്ളയമ്പലത്ത് ഫ്ലാഗ് ഓഫ് ചെയ്യും. ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ, മുഖ്യമന്ത്രി വി ഡി സതീശൻ, മന്ത്രിമാർ തുടങ്ങിയവർ പങ്കെടുക്കും. വൈകുന്നേരം കവടിയാർ മുതൽ കിഴക്കേകോട്ട വരെയാണ് ഘോഷയാത്ര. വിവിധ വകുപ്പുകളുടെയും സംഘടനകളുടെയും നിശ്ചലദൃശ്യങ്ങളും കലാരൂപങ്ങളും ഘോഷയാത്രയിൽ അണിനിരക്കും.

## SITHARAMAN US VISIT

ആഗോള കമ്പനികൾ തങ്ങളുടെ വിതരണ ശൃംഖലകളും മൂലധന വിനിയോഗവും പുനർനിർണ്ണയിക്കുന്ന സാഹചര്യത്തിൽ, ഇന്ത്യ വിശാലമായ വിപണി മാത്രമല്ല, ദീർഘകാല നിക്ഷേപത്തിനും പ്രവർത്തനങ്ങൾക്കും അനുയോജ്യമായ ശക്തമായ ഒരു വേദിയും കൂടിയാണെന്ന്

കേന്ദ്ര ധന മന്ത്രി നിർമ്മല സീതാരാമൻ . അമേരിക്കയിലെ ഷിക്കാഗോയിൽ പ്രമുഖ നിക്ഷേപകരുമായും വ്യവസായ പ്രമുഖരുമായും നടത്തിയ ഉന്നതതല ബിസിനസ് വട്ടമേശ യോഗത്തിൽ സംസാരിക്കുകയായിരുന്നു അവർ. സുസ്ഥിരമായ സാമ്പത്തിക വളർച്ച, നൈപുണ്യമുള്ള മാനവവിഭവശേഷി, തുടങ്ങിയവയുടെ സംയോജനമാണ് നിക്ഷേപകരെ ആകർഷിക്കുന്നതിൽ ഇന്ത്യയുടെ കരുത്തെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

## NTA - ANSWER KEY CSIR-UGC

ജോയിന്റ് CSIR-UGC NET പരീക്ഷയിലെ അഞ്ച് വിഷയങ്ങളുടെയും അന്തിമ ഉത്തരസൂചികകൾ നാഷണൽ ടെസ്റ്റിംഗ് ഏജൻസി ഇന്ന് പുറത്തിറക്കി. പരീക്ഷ എഴുതിയ ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ ലോഗിൻ വിവരങ്ങൾ ഉപയോഗിച്ച് അതത് വിഷയങ്ങളുടെ അന്തിമ ഉത്തരസൂചികകൾ പരിശോധിക്കാം . പരീക്ഷയുമായി ബന്ധപ്പെട്ട് എന്തെങ്കിലും സംശയങ്ങളുണ്ടെങ്കിൽ, ഔദ്യോഗിക വെബ്സൈറ്റിൽ നൽകിയിട്ടുള്ള വിവരങ്ങൾ ഉപയോഗിച്ച് NTA ഹെൽപ്പ് ഡെസ്കുമായി ബന്ധപ്പെടാമെന്ന് NTA അറിയിച്ചു.

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്ത്' നാളെ രാവിലെ 11 മണിക്ക്. പരിപാടിയുടെ 137-ാം പതിപ്പാണിത്. ആകാശവാണിയുടെ എല്ലാ നിലയങ്ങളും ദൂരദർശനും പരിപാടി തത്സമയം പ്രക്ഷേപണം ചെയ്യും. തുടർന്ന് പ്രാദേശിക ഭാഷകളിലെ പരിഭാഷയും കേൾക്കാവുന്നതാണ്.

❁❁❁❁❁❁❁❁❁❁❁❁❁

## NATIONAL SPORTS DAY – CAPSULE (INTRO)

ഇന്ന് ദേശീയ കായിക ദിനം . ഹോക്കി ഇതിഹാസം മേജർ ധ്യാൻ ചന്ദിന്റെ ജന്മ ദിനമാണ് ദേശീയ കായിക ദിനമായി ആചരിക്കുന്നത്. ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര യുവജനകാര്യ കായിക മന്ത്രി മൻസൂഖ് മാണ്ഡവ്യ ഉൾപ്പെടെയുള്ളവർ ദേശീയ കായിക ദിന ആശംസകൾ നേർന്നു. കായിക വിനോദങ്ങൾ ആരോഗ്യവും കരുത്തും നിലനിർത്താനും മാനസിക സമ്മർദ്ദം അകറ്റാനും സഹായിക്കുന്നുവെന്ന് കേന്ദ്രമന്ത്രി അർജുൻ റാം മേഘ്‌വാൾ പറഞ്ഞു.

*(ഹോൾഡ് വോയിസ്)*

❁❁❁❁❁❁❁❁❁❁❁❁❁

## UP-RAJNATH

ഇന്ത്യ വലിയ സാമ്പത്തിക ശക്തിയായി മാത്രമല്ല, സ്വന്തം സംസ്കാരത്തിലും പാരമ്പര്യത്തിലും ശേഷിയിലും

ആത്മവിശ്വാസമുള്ള രാജ്യമായി കൂടി ഉയർന്നുവന്നതായി പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ്. ലഖ്നൗവിൽ അംബേദ്കർ സർവകലാശാലയുടെ പതിനൊന്നാമത് ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ആഗോള നിയമങ്ങൾ പിന്തുടരുന്നതിന് പകരം നിയമ നിർമ്മാണത്തിൽ പങ്കാളിയാകുന്നു എന്നതാണ് പുതിയ ഇന്ത്യയിലെ ഏറ്റവും വലിയ മാറ്റമെന്നും അദ്ദേഹം വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

## PIB FACT CHECK – WHATSAPP GUIDELINES

വാട്സ്ആപ്പ് നിരീക്ഷിക്കുന്നതിനായി കേന്ദ്ര സർക്കാർ പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ കൊണ്ടുവന്നു എന്ന് അവകാശപ്പെടുന്ന സന്ദേശം വ്യാജമെന്ന് പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുത പരിശോധന വിഭാഗം വ്യക്തമാക്കി.ഈ അവകാശവാദം തെറ്റാണെന്നും ഇത്തരത്തിലുള്ള മാർഗ്ഗനിർദ്ദേശങ്ങളൊന്നും കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടില്ലെന്നും പി ഐ ബി അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## IMD-WEATHER

ഒഡീഷ, ബിഹാർ, ഗംഗാതീര പശ്ചിമ ബംഗാൾ, ഝാർഖണ്ഡ്, മധ്യപ്രദേശ്, ഛത്തീസ്ഗഢ് എന്നിവിടങ്ങളിൽ അടുത്ത രണ്ടു ദിവസങ്ങളിൽ കനത്ത മഴയ്ക്ക് സാധ്യതയെന്ന്

കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഒഡിഷയിൽ തിങ്കളാഴ്ച വരെ ഓറഞ്ച് ജാഗ്രത നൽകി. ആന്ധ്രാപ്രദേശ്, കർണാടക, ഒഡീഷ, തമിഴ്നാട്, പുതുച്ചേരി, സിക്കിം എന്നിവിടങ്ങളിൽ ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കാലാവസ്ഥ വകുപ്പ് അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## SWELL SURGE

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കാസർഗോഡ് ജില്ലകളിലെ തീരപ്രദേശങ്ങളിൽ ജാഗ്രത നിർദേശം നൽകി. തിരുവനന്തപുരം കാപ്പിൽ മുതൽ പൊഴിയൂർ വരെയും, കാസർഗോഡ് കുഞ്ചത്തൂർ മുതൽ കോട്ടക്കുന്ന് വരെയും നാളെ രാത്രി 11.30 വരെ കടലാക്രമണത്തിന് സാധ്യതയുണ്ട്. കന്യാകുമാരി തീരത്തും മുന്നറിയിപ്പ് നൽകി. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

❁❁❁❁❁❁❁❁❁❁❁❁❁

## WOMEN TWENTY20 ASIA CUP

വനിതാ ടി-20 ഏഷ്യ കപ്പ് ക്രിക്കറ്റിൽ നാളെ ഇന്ത്യ

തായ് ലാന്റിനെ നേരിടും. ദുബായ് ഇന്റർനാഷണൽ സ്റ്റേഡിയത്തിൽ രാത്രി 8.30ന് മത്സരം ആരംഭിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## HOCKEY INDIA-CASH AWARD

FIH വനിതാ ഹോക്കി ലോകകപ്പിൽ അഞ്ചാം സ്ഥാനം സ്വന്തമാക്കിയ ഇന്ത്യൻ വനിതാ ഹോക്കി ടീമിന് 50 ലക്ഷം രൂപയുടെ ക്യാഷ് അവാർഡ് പ്രഖ്യാപിച്ച് ഹോക്കി ഇന്ത്യ. ആംസ്റ്റൽവീനിൽ നടന്ന ആവേശകരമായ മത്സരത്തിൽ ജർമ്മനിയെ ഒന്നിനെതിരെ മൂന്ന് ഗോളുകൾക്ക് പരാജയപ്പെടുത്തിയാണ് ഇന്ത്യ നേട്ടം കൈവരിച്ചത്. 1974-ൽ നടന്ന ആദ്യ ലോകകപ്പ് പതിപ്പിൽ ടീം നാലാം സ്ഥാനം നേടിയതിന് ശേഷം ലോകകപ്പ് ചരിത്രത്തിൽ ഇന്ത്യ കൈവരിക്കുന്ന ഏറ്റവും മികച്ച പ്രകടനമാണിത്.